"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സിന്ധി.എസ്., കൺസൾട്ടന്റ് (ഗൈനക്കോളജി) - ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1886/2024/H&FWD  തീയതി,തിരുവനന്തപുരം, 09-08-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. സ.ഉ (സാധാ) നം.2624/2023/ആകുവ തീയതി 11.10.2023.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.12.2023-ലെ ഇ.എ1-24484/2023/ആ.വ.ഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

2023ലെ പൊതു സ്ഥലം മാറ്റത്തിൽ പരാമർശം (1) പ്രകാരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും പത്തനതിട്ട അടൂർ ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകിയ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. സിന്ധി.എസ്. 12.06.2023 പൂർവ്വാഹ്നത്തിൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും വിടുതൽ ആകുകയും എന്നാൽ അടൂർ ജനറൽ ആശുപത്രിയിൽ ജോലി നോക്കിയിരുന്ന ഗൈനക്ക് വിഭാഗം കൺസൾട്ടന്റ് ഡോ.ഗീത ചെറിയാൻ, ടിയാളുടെ സ്ഥലംമാറ്റത്തിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA 936/2023-ന്മേലുള്ള ഹർജിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ സ്ഥലംമാറ്റത്തിന് ബഹു: ട്രൈബ്യൂണൽ സ്റ്റേ കൊടുത്തതിനാൽ ഡോ.സിന്ധിക്ക് അടൂർ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരികയുമുണ്ടായി. എന്നാൽ 12.06.2023-ൽ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട ഡോ.സിന്ധി 19.08.2023-ന് മാത്രമാണ് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫിസിൽ റിപ്പോർട്ട് ചെയ്തത്. തുടർന്ന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് നം. എ1-10629/2023/ജി.മെ.ആ. തീയതി 19.08.2023 പ്രകാരം പത്തനാതിട്ട ജനറൽ ആശുപത്രിയിലേക്കും തുടർന്ന് അടൂർ ജില്ലാ ആശുപത്രിയിലേക്കും താൽക്കാലിക നിയമനം നൽകി. പരാമർശം (2) പ്രകാരം സ്ഥലംമാറ്റത്തിലുള്ള സ്റ്റേ ഒഴിവായതിനെത്തുടർന്ന 12.10.2023 അപരാഹ്നത്തിൽ ഡോ.സിന്ധി അടൂർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു.

2) ഡോ. സിസ്ഡി.എസ്.-ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ സ്റ്റേ ഓർഡർ പ്രകാരം ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 13.06.2023 മുതൽ 18.08.2023 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഡോ.സിസ്ഡി സമർപ്പിച്ച അപേക്ഷ യുടെ അടിസ്ഥാനത്തിൽ 13.06.2023 മുതൽ 18.08.2023 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായും താൽക്കാലിക നിയമന പ്രകാരം സേവനമനുഷ്ഠിച്ച 19.08.2023 മുതൽ 11.10.2023 വരെയുള്ള കാലയളവ് KSR Part 1 Rule 12(7) Note 4 പ്രകാരം ഡ്യൂട്ടിയായും ക്രമീകരിച്ച് നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ഡോ.സിസ്ഡി.എസ്.-ന്റെ 12.06.2023 മുതൽ 18.08.2023 വരെയുള്ള സർവ്വീസ് കാലയളവ് അർഹതപ്പെട്ട അവധിയായും 19.08.2023 മുതൽ 12.10.2023 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പത്തനംതിട്ട.
ഡോ.സിസ്ഡി.എസ്., കൺസൽട്ടന്റ് (ഗൈനക്കോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 09-08-2024 10:39:37
സെക്ഷൻ ഓഫീസർ

വേലെഴുത്ത് നം. ഇ.എ1-24484/2023/ആ.വ.ഡ തീയതി 09.08.2024
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

9/8/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി